(ബി) നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സിവിൽ സർജൻ ജെ. എച്ച്.ഐ. ഗ്രേഡ്-2, ജെ.പി.എച്ച്.എൻ. എന്നീ തസ്തികകളിൽ ഓരോ ഒഴിവുകൾ ഉണ്ട്. കൊടുവള്ളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഒഴിവുകൾ ഒന്നും ഇല്ല.

(സി-യും ഡി-യും) നരിക്കുനി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ സിവിൽ സർജൻ സർവീസിൽനിന്നും വിരമിക്കുന്നതിന് മുന്നോടിയായി ലീവിലാണ്. ആ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. മറ്റു രണ്ട് ഒഴിവുകളും നികത്തുന്നതിന് ആരോഗ്യവകുപ്പ് ഡയറക്ടർ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

## എയ്ഡ്സ്-വിവിധ ഏജൻസികൾ ചെലവഴിച്ച തുക

141 [144] പ്രൊഫ. എ. ഡി. മുസ്തഫ:
ശ്രീ. കെ. പി. വിശ്വനാഥൻ:
,, ലൂഡി ലൂയിസ്:
,, വി. ഡി. സതീശൻ:
,, എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡ്സുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഇക്കഴിഞ്ഞ ഏഴുവർഷമായി വിവിധ ഇനങ്ങളിൽ വിവിധ ഏജൻസികളിൽ നിന്നു ലഭിച്ച തുക ഏതു വിധത്തിൽ ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽനിന്നും എന്തു തുക വീതം വിവിധ നോൺ ഗവൺമെന്റ് ഏജൻസികൾക്ക് നൽകിയെന്നും എന്തിനുവേണ്ടിയാണ് എന്നും വ്യക്തമാക്കുമോ;

(സി) നോൺ ഗവൺമെന്റ് ഏജൻസികൾക്ക് നൽകിയ തുകയിൽ എയ്ഡ്സ് രോഗികൾക്ക് എന്തുതുക നൽകിയിട്ടുണ്ട്;

(ഡി) ഈ തുകയിൽ നിന്നും എയ്ഡ്സ് രോഗികളുടെ സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതിക്ക് എന്തു തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷൻ വഴി 2008 ലക്ഷം രൂപയും അന്തർദേശീയ വികസന നിധിവഴി 2259 ലക്ഷം രൂപയും കഴിഞ്ഞ ഏഴു വർഷക്കാലമായി ലഭിച്ചു. എയ്ഡ്സ് രോഗനിയന്ത്രണം, ബോധവൽക്കരണം, കേരളത്തിലെ സർക്കാർ ബ്ലഡ് ബാങ്കുകളുടെ നവീകരണം, ആവർത്തന ചെലവ് എന്നിവയ്ക്കുവേണ്ടിയാണ് തുകയുടെ സിംഹഭാഗവും വിനിയോഗിച്ചിരിക്കുന്നത്.

സംസ്ഥാന മെഡിക്കൽ കോളേജുകളിലേയും ജില്ലാ താലൂക്ക് ആശുപത്രികളിലെയും എസ്.ടി.ഡി. ക്ലിനിക്കുകളിൽ മരുന്നും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കുവാനും, വോളണ്ടറി കൗൺസിലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകളുടെ പ്രവർത്തനത്തിനും, അത്യാസന്ന നിലയിൽ കഴിയുന്ന എയ്ഡ്സ് രോഗികളുടെ പരിചരണത്തിന് രണ്ട് കെയർ സെന്ററുകൾ നടത്തുന്നതിനും ഈ തുക വിനിയോഗിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 1783 ലക്ഷം രൂപ നോൺ ഗവൺമെന്റ് ഏജൻസികൾക്ക് നൽകി.

സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകന്നുനിൽക്കുന്ന രോഗസംക്രമണ സാധ്യതകൂടിയ ജനവിഭാഗങ്ങളുടെ ഇടയിൽ നേരിട്ടുള്ള ഇടപെടൽ, ഉറയുടെ ഉപയോഗം, സുരക്ഷിതമായ ലൈംഗിക പെരുമാറ്റരീതികൾ, ലൈംഗിക രോഗങ്ങളിൽ നിന്നുള്ള പ്രതിരോധവും ചികിത്സയും, സ്വഭാവ വ്യതിയാനത്തിനുള്ള ആശയ വിനിമയം (Behavioral Change Communication) എന്നിവയ്ക്കും അശരണരും ശയ്യാ വലംബികളുമായ രോഗികൾക്കു വേണ്ടി തൃശ്ശൂരിലും, കണ്ണൂരിലും നടത്തുന്ന സഹായ കേന്ദ്രത്തിന്റെ പ്രവർത്തനം എന്നിവയ്ക്കും വേണ്ടിയാണ് തുക നൽകിയിട്ടുള്ളത്.

(സി) എയ്ഡ്സ് രോഗികൾക്ക് ധനസഹായം നൽകുന്ന പദ്ധതികൾ ഒന്നും നിലവിലില്ല.

(ഡി) എയ്ഡ്സ് രോഗികളുടെ സാമൂഹ്യവും സാമ്പത്തികവുമായ ഉന്നമന ത്തിനുവേണ്ടി പ്രവർത്തിക്കുന്ന എച്ച്. ഐ. വി. അണുബാധിതരുടെയും എയ്ഡ്സ് രോഗികളുടെയും കൂട്ടായ്മയായ കൊച്ചിയിലെ സി.പി.കെ.പ്ലസ് എന്ന സംഘടനയ്ക്ക് 16.82 ലക്ഷം രൂപയുടെ ധനസഹായം നൽകുന്നു.

## എയ്ഡ്സുമായി ബന്ധപ്പെട്ട് അനുവദിച്ച തുക

142 [145] ശ്രീ. എഴുകോൺ നാരായണൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
ശ്രീമതി. മാലേത്ത് സരളാദേവി:
ശ്രീ. ടി. എൻ. പ്രതാപൻ:
,, ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ എട്ടു വർഷക്കാലയളവിൽ എയ്ഡ്സുമായി ബന്ധപ്പെട്ട കാര്യ ങ്ങൾക്ക് ഐക്യരാഷ്ട്ര സഭയിൽ നിന്നോ അതിന്റെ സ്പെഷ്യലൈസ്ഡ് ഏജൻസിക ളിൽ നിന്നോ എത്ര തുക ലഭിച്ചു;

(ബി) ഈ കാലയളവിൽ മറ്റു ഏജൻസികളിൽ നിന്നും എത്ര തുക ലഭിച്ചു;

(സി) എന്തെല്ലാം കാര്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുവേണ്ടിയാണ് ഈ തുകയെന്നും ഈ തുകയുടെ ഭരണം നടത്തുന്ന ഏജൻസി ഏതെന്നും വ്യക്ത മാക്കാമോ;

(ഡി) തുക കൈകാര്യം ചെയ്യുന്നതിന് ജനപ്രതിനിധികളെ സഹകരിപ്പി ക്കാറുണ്ടോ;

(ഇ) തുക ബഡ്ജറ്റിൽ ചേർക്കാറുണ്ടോയെന്നും വരവുചെലവുകൾ അക്കൗണ്ട് ചെയ്യുന്നത് എപ്രകാരമാണ് എന്നും വിശദമാക്കുമോ;

(എഫ്) തുകയുടെ വിനിയോഗം നിയമസഭയുടെ അനുവാദത്തോടെയാണോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly